**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.459      29.06.2016 -ൽ മറുപടിയ്ക്ക്

**വിനോദസഞ്ചാരികളുടെ വരവ്**

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുള്ള | | ഉത്തരം<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഇന്ത്യ സന്ദർശിക്കുന്ന സൗദി പൗരന്മാർക്ക് ബയോ മെട്രിക് പരിശോധന ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തതായി അറിവുണ്ടോ; | എ) | ഉണ്ട്. |
| ബി) | അത് കേരളത്തിലേയ്ക്കുള്ള സൗദി വിനോദ സഞ്ചാരികളുടെ വരവിനെ പ്രതികൂലമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | ബി) യും സി) യും | സൗദി പൗരന്മാർക്ക് വിസ ലഭിക്കുന്നതിന് ബയോമെട്രിക് നാമാങ്കനം (Enrolment) ഏർപ്പെടുത്തിയതിനാൽ സൗദി പൗരന്മാരുടെ ഇന്ത്യാ സന്ദർശനത്തിനുള്ള യാത്രാപദ്ധതികളെ ദോഷകരമായി ബാധിക്കുകയും വിനോദസഞ്ചാര വ്യവസായത്തെ വളരെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. ഈ നിയമം പുന:പരിശോധിക്കണമെന്നും ഇ-വിസ പ്രകാരം ഇന്ത്യ സന്ദർശിക്കാവുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ സൗദി അറേബ്യയെക്കൂടി ഉൾപ്പെടുത്തണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ